"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ ഗുണഭോക്താവായ ശ്രീ. ഉദയകുമാറിന് 2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ അനുവദിച്ചതും, 2024 മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ വിതരണം ചെയ്തതും എന്നാൽ സാങ്കേതിക കാരണങ്ങളാൽ ലഭിക്കാതെ വന്ന അർഹതപ്പെട്ട പെൻഷൻ തുക പുനരനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്എഫ്.സി- ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1886/2025/FIN തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17-05-2024-ലെ LSGD/PD/38730/2023-SSP3 നമ്പർ കത്ത്

**ഉത്തരവ്**

നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ ഗുണഭോക്താവായ ശ്രീ. ഉദയകുമാറിന് (പെൻഷണർ ഐഡി: 101740400026) 2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ അനുവദിച്ചതും, 2024 മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ വിതരണം ചെയ്തതുമായ അർഹതപ്പെട്ട പെൻഷൻ തുക (4200/- രൂപ ) തന്റേതല്ലാത്ത കാരണത്താൽ ലഭിക്കാതെ വന്നതിനാൽ ആയത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടി തുക അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ ഉദയകുമാറിന് 2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ അനുവദിച്ചതും, 2024 മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ വിതരണം ചെയ്തതുമായ അർഹതപ്പെട്ട പെൻഷൻ സാങ്കേതിക കാരണങ്ങളാൽ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ആയത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെ പെൻഷൻ കുടിശ്ശികയായ 4200/- രൂപ (നാലായിരത്തി ഇരുന്നൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. 2025 മാർച്ച് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തോടൊപ്പം, നേരിട്ട് വീട്ടിൽ വിതരണത്തിനാവശ്യമായ ടി തുക പഞ്ചായത്ത്

ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ: 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
തദ്ദശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ (റൂറൽ), തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (എഫ്.എം ) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.2801733/എസ് എഫ് സി ബി1/24/ധന)

ഉത്തരവിൻ പ്രകാരം

Signed by Mini B S
Date: 28-02-2025 12:53:59
സെക്ഷൻ ഓഫീസർ